**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 710 — 28.02.2017 - ൽ മറുപടിയ്ക്ക്

**സഹകരണ ബാങ്കുകൾക്ക് പൊതുവായ ബാങ്കിംഗ് സോഫ്റ്റ് വെയർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. സ്വരാജ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കുകൾക്ക് പൊതുവായ ബാങ്കിംഗ് സോഫ്റ്റ് വെയർ ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ; | (ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി ഒരു കോമൺ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തി 'IFTAS' (Indian Financial Technology and Allied Service) മായി ചർച്ച നടത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കോമൺ പ്ലാറ്റ്ഫോമിലേക്ക് എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും എത്തിക്കുന്നതിലേയ്ക്കായി സഹകരണ സംഘം രജിസ്ട്രാർ കൺവീനറായി 9 അംഗങ്ങളടങ്ങിയ ഒരു കമ്മിറ്റിയെ നിയമിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. |
| സി) സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കും എന്ന് അറിയിക്കുമോ ? | (സി) മേൽപ്പറഞ്ഞ കമ്മിറ്റികളുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഏകീകൃത സോഫ്റ്റ് വെയർ സംബന്ധിച്ച് അനന്തര നടപടി സ്വീകരിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**